I ഇ.ബി. XIV-കേരള നിയമസഭ /XIV-2

# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ജനുവരി 28, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I ചരമോപചാരം

സൈമൺ ബ്രിട്ടോ റോഡ്രിഗ്സിന്റെ നിര്യാണം

മുൻ നിയമസഭാംഗം സൈമൺ ബ്രിട്ടോ റോഡ്രിഗ്സിന്റെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ ബി. സത്യൻ, മുല്ലക്കര രത്നാകരൻ, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## III അടിയന്തരപ്രമേയം

എംപാനൽ ജീവനക്കാരെ പിരിച്ചുവിട്ട നടപടി

മി. സ്പീക്കർ: കെ.എസ്.ആർ.ടി.സി.-യിൽ വർഷങ്ങളായി ജോലിചെയ്തുവരുന്ന 3861 എംപാനൽ ജീവനക്കാരെ എല്ലാ തൊഴിൽ നിയമങ്ങളും കാറ്റിൽപ്പറത്തിക്കൊണ്ട് പിരിച്ചുവിടാനുള്ള ഗവൺമെന്റിന്റെ തീരുമാനംമൂലം ഉളവായിട്ടുള്ള അതീവഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി. എ. അഹമ്മദ് കബീർ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വർഷങ്ങൾക്കുമുമ്പ് കെ.എസ്.ആർ.ടി.സി.-യിലെ ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അഡ്വൈസ് മെമ്മോ നൽകിയെങ്കിലും മുഴുവൻ പേർക്കും നിയമനം നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ നിയമന ഉത്തരവ് ലഭിക്കാത്ത

4015 പേർ കോടതിയിൽ കേസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാർക്ക് നിയമനം നൽകണമെന്നും കെ.എസ്.ആർ.ടി.സി.-യിലെ 3861 എംപാനൽ ജീവനക്കാരെ ഒരാഴ്ചയ്ക്കകം പിരിച്ചുവിടണമെന്നും വിധി നടപ്പാക്കാത്തപക്ഷം കോടതിയലക്ഷ്യനടപടികൾ ആരംഭിക്കുന്നതാണെന്നും ഹൈക്കോടതി ഉത്തരവിടുകയുണ്ടായി. പ്രസ്തുത വിധി നടപ്പാക്കുന്നതിലെ ബുദ്ധിമുട്ട് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. സാവകാശ ഹർജി ഫയൽ ചെയ്തെങ്കിലും അതിന് കടുത്ത രീതിയിലുള്ള ഉത്തരവാണ് കോടതിയിൽനിന്നുണ്ടായത്. ഈ സാഹചര്യത്തിൽ പിരിച്ചുവിട്ട എംപാനൽ ജീവനക്കാരെ സംരക്ഷിക്കുന്നതിനായി നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കാർ നിയോഗിച്ച നാലംഗ സമിതി പരിശോധന നടത്തിവരുന്നു. ഈയാഴ്ച വിധി പ്രസ്താവിക്കുന്നതിനായി കോടതി നിശ്ചയിച്ചിരിക്കുന്ന ഒരു ഉത്തരവിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നത് എംപാനൽ ജീവനക്കാരോട് കാണിക്കുന്ന ക്രൂരതയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: 17 വർഷം വരെ സർവ്വീസുള്ള എംപാനൽ ജീവനക്കാരെയാണ് കെ.എസ്.ആർ.ടി.സി. പിരിച്ചുവിട്ടിരിക്കുന്നത്. പ്രതിദിനം 480 രൂപ വേതനം വാങ്ങി ജോലി ചെയ്തിരുന്ന സ്ത്രീകളടക്കമുള്ള 3861 ജീവനക്കാരുടെ ഇന്നത്തെ അവസ്ഥ പരമദയനീയമാണ്. ഒരുമാസം 3600 വേക്കൻസികൾ

നിലവിലുള്ളപ്പോൾ, മുഴുവനാളുകളേയും നിയമിക്കാമെന്നിരിക്കെ എംപാനൽ ജീവനക്കാരെ മുഴുവൻ ദിവസവേതനക്കാരായി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുകയും കോടതിയിൽ തെറ്റായ അഫിഡവിറ്റ് നൽകുകയും നിലവിലുള്ള താൽക്കാലിക ജീവനക്കാരെ മുഴുവൻ പിരിച്ചുവിടണമെന്നാവശ്യപ്പെട്ട് സി.എം.ഡി. കത്ത് നൽകുകയും ചെയ്തു. 9-12-2018-ന് താൽക്കാലിക ജീവനക്കാരെ മുഴുവൻ പിരിച്ചുവിടണമെന്നും പി.എസ്.സി. റാങ്ക് ലിസ്റ്റിലുൾപ്പെട്ടവരെ നിയമിക്കണമെന്നുമുള്ള കോടതി വിധിയുണ്ടായപ്പോൾ അതിനെ എതിർക്കാതെ സാവകാശ ഹർജിയാണ് കെ.എസ്.ആർ.ടി.സി. ഫയൽ ചെയ്തത്. സ്ത്രീകളടക്കമുള്ള തൊഴിലാളികൾ സമരത്തിലാണ്. റാങ്ക് ലിസ്റ്റിൽ 4051 പേർ മാത്രമുള്ളപ്പോൾ 3600 പേരെ നിയമിക്കാൻ തടസ്സമൊന്നുമില്ല. എന്നാൽ കോടതി ഉത്തരവിനുശേഷം നിയമിച്ചത് 1400 പേരെയാണ്. കെ.എസ്.ആർ.ടി.സി.-യുടെ കടബാധ്യത ഏറ്റെടുക്കുകയും സമഗ്രമായ പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുകയും ചെയ്യുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ തെറ്റായ തൊഴിലാളി വിരുദ്ധ സമീപനമാണ് സ്വീകരിക്കുന്നത്. ശമ്പളവും പെൻഷനും കൃത്യസമയത്ത് നൽകുമെന്നും പുതുതായി 2000 ബസ്സുകൾ വാങ്ങുന്നതിനുള്ള പണം കിഫ്ബിയിൽ നിന്നും ലഭ്യമാക്കുമെന്നും ആ

ബസ്സുകളുടെ ആദ്യബാച്ച് ഉടൻ നിരത്തിലിറക്കുമെന്നും ഉറപ്പ് നൽകിയ ഗവൺമെന്റിന്റെ ഈ രംഗത്തെ ഭരണ പരാജയത്തിന്റെ ഫലമായി ജനങ്ങൾ യാത്രാദുരിതം അനുഭവിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യിൽ മൂന്ന് വർഷം കൊണ്ട് 1870 കോടി രൂപയുടെ കടം വർദ്ധിച്ചിരിക്കുകയാണ്. ജീവനക്കാരുടെ ശമ്പള പരിഷ്കരണ കമ്മിറ്റിയെ നിയമിക്കുകയോ ഡി.എ. കുടിശ്ശിക നൽകുകയോ ചെയ്തിട്ടില്ല. തൊഴിൽ നിയമങ്ങൾ പാലിക്കാതെ പിരിച്ചുവിട്ട ജീവനക്കാരെ തിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കണം. ഹൈക്കോടതി ഉത്തരവിനെതിരെ അപ്പീലും സെക്കന്റ് അപ്പീലും കൊടുക്കാനുള്ള സാദ്ധ്യതയുണ്ട്. അതിനുശേഷമേ വിധി ഫൈനലാകുകയുള്ളൂ. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് പിരിച്ചുവിട്ട എംപാനൽ ജീവനക്കാർ സുപ്രീംകോടതിയെ സമീപിച്ചിരിക്കുകയാണ്. പ്രസ്തുത കേസിൽ കീഴ്കോടതി വിധി എന്താണെന്ന് അറിഞ്ഞതിനുശേഷം മാത്രമേ ഈ വിഷയത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. കെ.എസ്.ആർ.ടി.സി.-യിൽ 9300 പേരുടെ വേക്കൻസിയുണ്ടെന്ന തെറ്റായ കണക്ക് പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തത്

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3510 ഉദ്യോഗാർത്ഥികളെ പി.എസ്.സി. മുഖേന നിയമിച്ചിട്ടുണ്ട്. ഹൈക്കോടതിയുടെ അന്തിമ വിധിക്കുശേഷം പ്രസ്തുത വിഷയത്തിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളാം. ഈ സർക്കാർ ഒരു തൊഴിൽ നിയമവും കാറ്റിൽ പറത്തിയിട്ടില്ല. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV ശ്രദ്ധക്ഷണിക്കൽ

### (1) തിരുവനന്തപുരം വിമാനത്താവളം

ശ്രീ. സി. കെ. ഹരീന്ദ്രൻ: തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവത്കരിക്കാനുള്ള നീക്കത്തിൽ നിന്നും പിന്തിരിയാനും

വിമാനത്താവളത്തിന്റെ നടത്തിപ്പിനും വികസനത്തിനുമായി സംസ്ഥാനത്തിന്റെ അധീനതയിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ നടപ്പിലാക്കുന്നതിന് അനുമതി നൽകാനും കേന്ദ്ര സർക്കാർ തയ്യാറാകണം. വിവിധ ഘട്ടങ്ങളിലായി തിരുവിതാംകൂർ മഹാരാജാവും സംസ്ഥാന സർക്കാരും സൗജന്യമായി നൽകിയ ഭൂമിയിൽ നിർമ്മിച്ചതും 2030-ഓടുകൂടി ആഭ്യന്തര-അന്താരാഷ്ട്ര യാത്രക്കാരുടെ നിരക്കിൽ യഥാക്രമം 20, 15 ശതമാനം വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതുമായ തിരുവനന്തപുരം വിമാനത്തവളം സംരക്ഷിക്കുന്നതിന് സർക്കാർ അടിയന്തരശ്രദ്ധ പതിപ്പിക്കണം. ഡൽഹി-മുംബൈ വിമാനത്താവളം സ്വകാര്യവത്കരിക്കുമ്പോൾ നിശ്ചിത ശതമാനം ഓഹരി ഡൽഹി-മുംബൈ വിമാനത്താവള അതോറിറ്റിയുടെ കൈവശമാണെങ്കിൽ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നൂറ് ശതമാനം ഓഹരികളിലും സ്വകാര്യ പങ്കാളിത്തം അനുവദിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം തടയപ്പെടേണ്ടതാണ്. മുൻ വർഷങ്ങളേക്കാൾ 9 ഇരട്ടി വരുമാന വർദ്ധനവോടെ ലാഭത്തിലേയ്ക്ക് വരികയും വിമാന സർവ്വീസുകളുടെയും യാത്രക്കാരുടെയും എണ്ണത്തിൽ വർദ്ധനവുണ്ടാകുകയും ചെയ്തിട്ടുള്ള തിരുവനന്തപുരം വിമാനത്താവളത്തിന്റെ

സ്വകാര്യവത്കരണത്തിനെതിരെ പൊതുജന പ്രതിഷേധം ശക്തമാകുകയാണ്. ഇന്ത്യയിലെ വിമാനത്താവള സ്വകാര്യവത്കരണം പൊതുജനങ്ങൾക്ക് ഗുണകരമല്ലെന്ന് ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷനും ഇന്റർനാഷണൽ ഏവിയേഷൻ ഓർഗനൈസേഷനും വ്യക്തമാക്കിയ സാഹചര്യത്തിൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി സ്വകാര്യവത്കരണ നീക്കം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): 628-ഓളം ഏക്കർ ഭൂമിയിൽ പ്രവർത്തിക്കുന്നതും വികസന പ്രവർത്തനങ്ങൾക്കായി 18 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ത്വരിതഗതിയിൽ പുരോഗമിക്കുകയും ചെയ്യുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഏകപക്ഷീയമായി സ്വകാര്യവത്കരിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് രണ്ടുതവണ കത്തയയ്ക്കുകയും കണ്ണൂർ, കൊച്ചി വിമാനത്താവളങ്ങളുടെ നടത്തിപ്പിലുള്ള സംസ്ഥാന സർക്കാരിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പ് സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ മഹാരാജാവും സംസ്ഥാന സർക്കാരും കൈമാറിയ ഭൂമിയിൽ നിർമ്മിച്ച

വിമാനത്താവളം സ്വകാര്യവത്കരിക്കുന്ന പക്ഷം നൽകിയ ഭൂമിയുടെ പരിഗണന നൽകുമെന്ന് 2003-ൽ കേന്ദ്ര സർക്കാർ അറിയിച്ചതിനെത്തുടർന്ന് വിമാനത്താവളത്തിന്റെ പ്രവർത്തനം സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേന നടപ്പാക്കണമെന്നും ഇതിനായി ഏറ്റെടുത്ത് നൽകിയ ഭൂമിയുടെ വിലയ്ക്ക് തത്തുല്യമായ ഓഹരി സംസ്ഥാനത്തിന് നൽകണമെന്നുമുള്ള നിർദ്ദേശത്തിന്മേൽ കേന്ദ്ര സർക്കാർ അനുകൂല നിലപാട് സ്വീകരിക്കാത്ത സാഹചര്യത്തിൽ വിമാനത്താവള നടത്തിപ്പിനായി സർക്കാർ സ്പോൺസർ ചെയ്യുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് എന്നൊരു എസ്.പി.വി. രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബിഡ് സംബന്ധമായ വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിന് ടെക്നിക്കൽ ആന്റ് ഫിനാൻഷ്യൽ കൺസൾട്ടന്റിനെയും ലീഗൽ കൺസൾട്ടന്റിനെയും നിയമിച്ചിട്ടുണ്ട്. ബിഡിനുള്ള നടപടിക്രമങ്ങളിൽ സംസ്ഥാന സർക്കാർ രൂപീകരിക്കുന്ന എസ്.പി.വി.ക്ക് കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള പരിമിതമായ പത്ത് ശതമാനം റൈറ്റ് ഓഫ് റെഫ്യൂസലിനുള്ളിൽ നിന്നുകൊണ്ട് ബിഡ് സമർപ്പിക്കുന്നതിനായി സർക്കാരും കെ.എസ്.ഐ.ഡി.സി.-യും ചേർന്നുള്ള കൺസോർഷ്യം രൂപീകരിച്ച് തുടർനടപടികളുമായി മുന്നോട്ടുപോവുകയാണ്. കേന്ദ്ര സർക്കാരിന്റെ തെറ്റായ

നിലപാട് തിരുത്തുന്നതിനുവേണ്ടി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതോടൊപ്പം തിരുവനന്തപുരം വിമാനത്താവളത്തെ സംസ്ഥാന സർക്കാർ സംരംഭമായി നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്.

## (2) കുടുംബി സമുദായത്തിന്റെ പ്രശ്നങ്ങൾ

ശ്രീ. പി. ടി. തോമസ്: കുടുംബി സമുദായത്തിന് ഒരു ശതമാനം തൊഴിൽ സംവരണം ഏർപ്പെടുത്തുന്നതിനും അവർക്കായി പ്രഖ്യാപിച്ചിട്ടുള്ള ഒരു ശതമാനം വിദ്യാഭ്യാസാനുകൂല്യം ബിരുദാനന്തര ബിരുദ കോഴ്സുകൾക്കുകൂടി ലഭ്യമാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ബാങ്ക് വായ്പയും പട്ടയവും ലഭ്യമാക്കുന്നതിനും ഇവരുടെ പരാധീനതകൾ സംബന്ധിച്ച് പഠിക്കാൻ ഒരു ഉന്നതാധികാര സമിതിയെ നിയോഗിക്കുന്നതിനും സമുദായത്തിന്റെ ദുരവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കുടുംബി സമുദായം നിലവിൽ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. ഉദ്യോഗ

നിയമനങ്ങളിൽ ഈ സമുദായത്തെ റെസിഡ്യൂവൽ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് സംവരണം അനുവദിക്കുന്നത്. ക്ലാസ് 4 തസ്തികകളിൽ റെസിഡ്യൂവൽ ഒ.ബി.സി.-ക്ക് 6 ശതമാനവും ഇതര തസ്തികകളിൽ 3 ശതമാനവുമാണ് സംവരണം അനുവദിച്ചിട്ടുള്ളത്. സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിലും ഹയർ സെക്കണ്ടറി കോഴ്സുകളിലും ഒരു ശതമാനം സംവരണം അനുവദിച്ചിട്ടുള്ളതു കൂടാതെ ഇവർക്ക് ആർട്സ് ആന്റ് സയൻസ് കോഴ്സുകളിൽ മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കൊപ്പം 3 ശതമാനം സംവരണമാണ് അനുവദിച്ചിട്ടുള്ളത്. പിന്നോക്ക വിഭാഗ വികസന വകുപ്പുമുഖേന നടപ്പിലാക്കിവരുന്ന ഒ.ഇ.സി. പ്രീമെട്രിക്, പോസ്റ്റ് മെട്രിക് മത്സര പരീക്ഷകൾക്കുള്ള ധനസഹായത്തിനും വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പിനും ഈ വിഭാഗത്തിന് അർഹതയുണ്ട്. ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുന്നതിനാൽ വരുമാനപരിധിയില്ലാതെതന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന മുഴുവൻ വിദ്യാഭ്യാസാനുകൂല്യങ്ങളും ഇവർക്കും ലഭ്യമാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ലൈഫ് പദ്ധതിയുടെ ആനുകൂല്യവും ലഭിക്കുന്നുണ്ട്. ഇവരുടെ പരാധീനതകൾ പഠിക്കാൻ ഒരു ഉന്നതാധികാര സമിതിയെ നിയോഗിക്കുന്നതിനെക്കുറിച്ചും ബിരുദാനന്തര ബിരുദത്തിന് ഒരു ശതമാനം സംവരണം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചും പരിശോധിക്കുന്നതാണ്.

## V സബ്മിഷൻ

### (1) പോലീസ് സ്റ്റേഷന് നേരെയുണ്ടായ കല്ലേറ്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് നേരെയുണ്ടായ കല്ലേറിലെ പ്രതികളെ പിടികൂടുന്നതിനും വകുപ്പുതല അന്വേഷണം നിർത്തിവയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 23-01-2019-ന് രാത്രി തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലെടുത്ത പ്രതികളെ കാണാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് നടത്തിയ അക്രമത്തിലുണ്ടായ നാശനഷ്ടങ്ങൾക്ക് പ്രത്യേകം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷൻ ആക്രമിച്ച കേസിലെ പ്രതികളെ പിടികൂടുന്നതിനുവേണ്ടിയാണ് എസ്.പി.-യുടെ നേതൃത്വത്തിൽ പോലീസ് 24.01.2019-ന് അർദ്ധരാത്രിയിൽ സി.പി.ഐ.(എം.)-ന്റെ ജില്ലാ കമ്മിറ്റി ഓഫീസിൽ റെയ്ഡ് നടത്തിയത്. പ്രസ്തുത പരിശോധനയിൽ പ്രതികളെ ഓഫീസിൽനിന്നും കണ്ടെത്താനായില്ല.

അവിടെ ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനടക്കമുള്ള ഏതാനും ചില നേതാക്കളും ജീവനക്കാരും മാത്രമാണുണ്ടായിരുന്നത്. സാധാരണഗതിയിൽ പാർട്ടി ഓഫീസുകളിൽ പോലീസ് റെയ്ഡ് നടത്താറില്ല. രാഷ്ട്രീയ പാർട്ടികൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ സാഹചര്യമൊരുക്കുകയെന്ന സർക്കാർ നയത്തിന് വിരുദ്ധമായ സമീപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

## (2) ഇന്ധന നികുതി

ശ്രീ. എ. പി. അനിൽ കുമാർ: കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് ഇന്ധന ഇളവ് അനുവദിച്ചതിന് സമാനമായി കരിപ്പൂർ വിമാനത്താവളത്തിനും ഇന്ധന നികുതിയിൽ ഇളവ് അനുവദിക്കുന്നതിനും തുടർച്ചയായി സർവ്വീസുകൾ മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: കരിപ്പൂർ വിമാനത്താവളത്തിന് ഇന്ധന നികുതിയിനത്തിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: കണ്ണൂർ വിമാനത്താവളത്തിന് അനുവദിച്ച ഇളവ് കരിപ്പൂർ വിമാനത്താവളത്തിന് അനുവദിക്കുന്നതിനും അർഹിക്കുന്ന പരിഗണന ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്തെ മറ്റ് വിമാനത്താവളങ്ങളിൽ നിന്നുള്ള വിമാന യാത്രാ നിരക്കുകളേക്കാൾ കൂടുതലാണ് കണ്ണൂർ വിമാനത്താവളത്തിൽ നിന്നുള്ള യാത്രാ നിരക്ക് എന്നതിനാൽ എയർ ഇന്ത്യാ അധികൃതരുമായി ഇക്കാര്യം ചർച്ച നടത്തുകയും നിരക്കു കുറച്ചു തരാമെന്നുള്ള ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്. ഗ്രീൻ ഫീൽഡ് വിമാനത്താവളമായതിനാലും ദൈനംദിന പ്രവർത്തനങ്ങൾക്ക് ഭാരിച്ച ചെലവ് വരുമെന്നതിനാലും 'ഉഡാൻ പദ്ധതി' യിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് കണ്ണൂർ വിമാനത്താവളത്തിന് അടുത്ത 10 വർഷത്തേയ്ക്ക് ഇന്ധന നികുതിയിനത്തിൽ ഇളവ് അനുവദിച്ചത്. ഇത്തരത്തിൽ ഇളവ് അനുവദിച്ചതിനാലാണ് ആഭ്യന്തര റൂട്ടുകളിൽ ചെലവ് കുറഞ്ഞ വിമാനയാത്ര സാധ്യമാക്കിയ റീജിയണൽ കണക്ടിവിറ്റിയായ 'ഉഡാൻ' സ്കീമിൽ കണ്ണൂർ വിമാനത്താവളത്തെ ഉൾപ്പെടുത്താൻ സാധിച്ചത്. വിമാന സർവ്വീസുകൾ കുറയുന്ന പ്രശ്നം ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ സർക്കാർ ഫലപ്രദമായ ഇടപെടലുകൾ നടത്തുകയും സർവ്വീസുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കോഴിക്കോട് വിമാനത്താവളവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ആശങ്കകൾ ഒഴിവാക്കുന്നതിനും ഇന്ധന നികുതി കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പിണറായി വിജയൻ: കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം

വിമാനത്താവളങ്ങളുടെ കാര്യത്തിൽ ഇന്ധന നികുതി കുറയ്ക്കുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(3) വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: കൊച്ചി നഗരസഭയുടേയും കളമശ്ശേരി-ഏലൂർ-തൃക്കാക്കര ഉൾപ്പെടെയുള്ള നാല് മുനിസിപ്പാലിറ്റികളുടേയും 10 പഞ്ചായത്തുകളുടേയും കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിനായി കളമശ്ശേരിയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കൊച്ചി കോർപ്പറേഷനും കളമശ്ശേരി, തൃക്കാക്കര, ഏലൂർ മുനിസിപ്പാലിറ്റികൾക്കും ചേരാനെല്ലൂർ, വരാപ്പുഴ, മുളവുകാട് പഞ്ചായത്തുകൾക്കും പ്രയോജനം ചെയ്യുന്ന വിധത്തിൽ 135 എം.എൽ.ഡി. ശേഷിയുള്ള ഒരു ശുദ്ധജല വിതരണ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജലശുദ്ധീകരണശാല നിർമ്മിതിക്കുള്ള 10 ഏക്കർ സ്ഥലം കളമശ്ശേരി എച്ച്.എം.ടി.-യിൽനിന്ന് ലഭ്യമാക്കുന്നതിന് നിയമതടസ്സമുള്ളതിനാൽ കിൻഫ്ര ഹൈടെക് പാർക്കിലെ ആറേക്കർ സ്ഥലം ആവശ്യപ്പെട്ടുവെങ്കിലും സ്മാർട്ട് ഡെവലപ്പേഴ്സിന് കൈമാറിയതിനാൽ നൽകാൻ സാധിക്കില്ലെന്ന് കിൻഫ്ര അധികാരികൾ അറിയിക്കുകയുണ്ടായി. 26-12-18-ന്

കളമശ്ശേരി ഗസ്റ്റ് ഹൗസിൽവച്ച് കൂടിയ യോഗത്തിൽ സൂം ഡെവലപ്പേഴ്സുമായി കിൻഫ്രയ്ക്കുണ്ടായിരുന്ന കേസ് ഹൈക്കോടതി തള്ളിയതായി അറിയിക്കുകയും സ്ഥലം വാങ്ങുന്ന നടപടി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിന് കേരള ജലഅതോറിറ്റിയുടെ ആലുവയിലുള്ള നാലേക്കർ സ്ഥലവും കിൻഫ്രയുടെ അധീനതയിലുള്ള ആറേക്കർ സ്ഥലവും ടെക്നിക്കൽ മെമ്പർ, ചീഫ് എഞ്ചിനീയർ തുടങ്ങിയവർ സംയുക്തമായി പരിശോധന നടത്തുകയും ആലുവയിൽനിന്നുള്ള സ്ഥലമാണ് സാമ്പത്തികവും സാങ്കേതികവുമായി ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തുകയും ചെയ്തു. പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## (4) സാമ്പത്തിക സഹായം

ശ്രീ. മാത്യു ടി. തോമസ്: പെരിങ്ങര പഞ്ചായത്ത് പാടശേഖരത്തിൽ കീടനാശിനി പ്രയോഗത്തിനിടെ രണ്ട് പേർ മരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും അവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനും കീടനാശിനിപ്രയോഗം നടത്തുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ വകുപ്പുതലത്തിൽ

നൽകുന്നതിനും നടപടി സ്വീകരിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): നിരോധിത കീടനാശിനി പ്രയോഗംമൂലം വ്യാപകമായി മരണങ്ങളും മാരകരോഗങ്ങളും ഉണ്ടായിരിക്കുകയാണ്. ഈ ആശങ്കയകറ്റാൻ സമഗ്രമായ അന്വേഷണം നടത്തുന്നതിനും നിരോധിക്കപ്പെട്ട കീടനാശിനികൾ റെയ്ഡ് ചെയ്ത് കണ്ടെത്തുന്നതിനും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): ഘട്ടംഘട്ടമായി കീടനാശിനി പ്രയോഗത്തിൽനിന്ന് കാർഷിക മേഖലയെ മോചിപ്പിക്കുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് കർഷകർക്കുള്ള ആശങ്ക ദൂരീകരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിരോധിത കീടനാശിനികളുടെ ഉപയോഗം തടയുന്നതിനായി സ്റ്റേറ്റ് ലെവൽ എൻഫോഴ്സ്മെന്റ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. പെരിങ്ങര പഞ്ചായത്തിലെ സനൽ കുമാറും മത്തായി ഈശോയും മരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. മരണപ്പെട്ട സനൽ കുമാറിന്റെ

ആശ്രിതർക്ക് വീടുനിർമ്മിച്ചു നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടുപേരുടെ കുടുംബങ്ങൾക്കും മൂന്നുലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ജനുവരി 21 മുതൽ 31 വരെ നീണ്ടുനിൽക്കുന്ന ക്യാമ്പയിന്റെ ഭാഗമായി കേരളത്തിലെ എല്ലാ കീടനാശിനി കടകളും പരിശോധിച്ച് നിരോധിത കീടനാശിനികൾ കണ്ടെത്തുന്ന കടകൾക്കെതിരെ  കർശന നടപടി സ്വീകരിച്ചുവരികയാണ്. കീടനാശിനി തളിക്കുന്ന തൊഴിലാളികൾക്ക് ശാസ്ത്രീയ പരിശീലനം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവർക്ക് രജിസ്ട്രേഷൻ ബാധകമാക്കാനും ഉദ്ദേശിക്കുന്നുണ്ട്. എല്ലാ സ്ഥലങ്ങളിലും ഡ്രോൺ ഉപയോഗിച്ച് കീടനാശിനി തളിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്. കേരളത്തിലെ കാർഷിക മേഖലയിൽ നിരോധിത കീടനാശിനികൾ കർശനമായി തടയുന്നതിനും നിയന്ത്രിത കീടനാശിനികൾ ശാസ്ത്രീയമായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും കീടനാശിനികൾ വിൽപ്പന നടത്തുന്നതും വാങ്ങുന്നതും സംബന്ധിച്ച നിലവിലെ  വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (5) കുടിവെള്ള പദ്ധതി

ശ്രീ. സി. ദിവാകരൻ: നെടുമങ്ങാട് പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പതിനാറ് പട്ടികജാതി സങ്കേതങ്ങളിലേയ്ക്ക് വാട്ടർ അതോറിറ്റിയുടെ മൂന്ന് വ്യത്യസ്ത കുടിവെള്ള പദ്ധതികളാണ് ശിപാർശ ചെയ്തിരിക്കുന്നത്. പൈപ്പ്ലൈൻ ദീർഘിപ്പിച്ച് കുടിവെള്ളം നൽകുന്നതിനായി ഒരു കോടി നാല്പത്തിരണ്ട് ലക്ഷം രൂപ അടങ്കൽ തുക വരുന്ന പ്രൊപ്പോസൽ വാട്ടർ അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടർ 23.08.2018-ന് പട്ടികജാതി വികസന ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട ഫീസിബിലിറ്റി റിപ്പോർട്ട്, സാമൂഹ്യ ഭൂപടം, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ അടിയന്തരമായി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

## (6) സ്വകാര്യ പ്രാക്ടീസ്

ശ്രീ. എ. എൻ. ഷംസീർ: സംസ്ഥാനത്തെ സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പൊതുജനങ്ങൾക്ക് കൂടുതൽ സേവനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരോഗ്യ വകുപ്പിന് കീഴിലുള്ള സർക്കാർ ഡോക്ടർമാർക്ക് അവർ താമസിക്കുന്ന സ്ഥലങ്ങളിൽ ഡ്യൂട്ടി സമയത്തിനുശേഷം സ്വകാര്യ പ്രാക്ടീസ് നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ മാനദണ്ഡങ്ങൾ മറികടന്നുകൊണ്ട് ചില ഡോക്ടർമാർ നിയമവിരുദ്ധമായി സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെടുകയും പരാതി ലഭിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്വകാര്യ പ്രാക്ടീസ് നടത്തുന്നതിന് ഗവൺമെന്റ് ഡോക്ടർമാരെ അനുവദിക്കുന്നതല്ല.

(7) സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം

ശ്രീ. പി. സി. ജോർജ്: മാനസിക വൈകല്യം നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനായി 27.11.2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടുകയും ഒരു സമഗ്ര പാക്കേജ് തയ്യാറാക്കുന്നതിന് സാമൂഹ്യനീതി വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത പാക്കേജ് ചർച്ച ചെയ്യുന്നതിനായി 09.8.2018-ൽ വീണ്ടും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും സാമൂഹ്യനീതി വകുപ്പ് തയ്യാറാക്കിയ പാക്കേജ് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു. ഇത്തരം സ്ഥാപനങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്നവ ആയതിനാൽ എയ്ഡഡ് സ്കൂളുകളായി ഉയർത്തുന്നതിന് സാധിക്കുകയില്ലെന്ന് മുഖ്യമന്ത്രി തന്നെ വ്യക്തമാക്കിയിരുന്നു. എയ്ഡഡ് ആക്കുന്നതിനുപകരം ഇത്തരം സ്ഥാപനങ്ങളെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എ, ബി, സി കാറ്റഗറികളായി തിരിച്ച് ഗ്രാന്റ് നൽകുന്നതിന് തീരുമാനമെടുക്കുകയും അതിനുവേണ്ടി കമ്മിറ്റി രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്. വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പാങ്ങപ്പാറയിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനം

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിനും റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകാനുള്ള തുക അടിയന്തരമായി ലഭ്യമാക്കുന്നതിനും തെറാപ്പി സെന്ററുകളെ നിയന്ത്രിക്കുന്നതിന് രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(8) പാലവും തടയണകളും സ്ഥാപിക്കൽ

ശ്രീ. കെ. കുഞ്ഞിരാമൻ: പുഴകൾക്ക് കുറുകെ പാലം നിർമ്മിക്കുന്നതിനോടൊപ്പം ചെറിയ തടയണകൾ കൂടി സ്ഥാപിച്ച് ജലസംരക്ഷണം ഉറപ്പാക്കാൻ ജലസേചന വകുപ്പും പൊതുമരാമത്ത് വകുപ്പും സംയുക്ത നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തടയണകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ഡിസൈനും നിർമ്മാണവും ജലസേചന വകുപ്പും പാലങ്ങളുടെ നിർമ്മാണം പൊതുമരാമത്ത് വകുപ്പുമാണ് നിർവ്വഹിക്കുന്നത്. രണ്ടു വകുപ്പുകളും സംയോജിച്ച് തടയണകൾ നിർമ്മിച്ച് കുടിവെള്ള വിതരണമടക്കമുള്ള കാര്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(9) വെറ്ററിനറി ഓഫീസ്

ശ്രീ. അടൂർ പ്രകാശ്: കോന്നിയിലെ ആനപരിപാലന കേന്ദ്രത്തോട് ചേർന്നുള്ള വനം വകുപ്പിന്റെ വെറ്ററിനറി ഓഫീസ് അവിടെത്തന്നെ നിലനിർത്തുന്നതിനും കുങ്കിയാനകളെ പരിശീലിപ്പിക്കുന്നതിനായി കൊണ്ടുപോയ സുരേന്ദ്രനെന്ന ആനയെ തിരികെ എത്തിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): കോന്നിയിൽ വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വെറ്ററിനറി ഓഫീസ് മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ല. കുങ്കിയാനകളെ പരിശീലിപ്പിക്കുന്നതിനായി കൊണ്ടുപോയ ആനപരിപാലന കേന്ദ്രത്തിലെ സുരേന്ദ്രനെന്ന ആന നിലവിൽ മദപ്പാടിന് ചികിത്സയിലാണ്. ചികിത്സ കഴിഞ്ഞ് ആനയെ തിരിച്ചെത്തിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

(10)ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനം

ശ്രീമതി പി. അയിഷാ പോറ്റി: പുതിയ കോഴ്സുകൾ അനുവദിച്ചുകൊണ്ട് കൊട്ടാരക്കര ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): നാല് പുതിയ കോഴ്സുകൾ അനുവദിക്കണമെന്ന കൊട്ടാരക്കര എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പലിന്റെ ആവശ്യം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ അംഗീകാരവും ശിപാർശയും ലഭിക്കുന്ന മുറയ്ക്ക് ആലോചിക്കുന്നതാണ്.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തു വച്ചു.

## VII റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VIII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## IX ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. മാത്യു ടി. തോമസ്: " 2019 ജനുവരി 25-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ: പ്രമേയത്തെ പിന്താങ്ങുന്നു.

(സർവ്വശ്രീ എൻ. ഷംസുദ്ദീൻ, പി.കെ. അബ്ദുറബ്ബ്, ടി.എ. അഹമ്മദ് കബീർ, കെ.എൻ.എ. ഖാദർ, പി. ഉബൈദുള്ള, മഞ്ഞളാംകുഴി അലി, എം. ഉമ്മർ, അബ്ദുൽ ഹമീദ് പി., ടി. വി. ഇബ്രാഹിം, മോൻസ് ജോസഫ്, കെ. സി. ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അടൂർ പ്രകാശ്, അനിൽ അക്കര, സണ്ണി ജോസഫ്, വി.പി. സജീന്ദ്രൻ, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.)

ശ്രീ. മാത്യു ടി. തോമസ്: ശബരിമല വിഷയത്തിന്മേലുള്ള സുപ്രീം കോടതി വിധി നടപ്പിലാക്കാൻ തീരുമാനമെടുത്ത സർക്കാരിനെ അഭിനന്ദിക്കുന്നു. സാമൂഹിക-സാംസ്കാരിക-സാമ്പത്തിക മേഖലകളിൽ ധാരാളം നേട്ടങ്ങൾ കൈവരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ക്രമസമാധാനപാലനം, ആരോഗ്യ പരിപാലനം, വയോജന സംരക്ഷണം തുടങ്ങിയ മേഖലകളിൽ സംസ്ഥാനത്തിന് ലഭിച്ച

അംഗീകാരം എടുത്തുപറയേണ്ടവയാണ്. ട്രാൻസ്ജെൻഡേഴ്സിന് ജോലി സംരക്ഷണം ഉറപ്പാക്കിയതും വനിതാ ക്ഷേമത്തിനുവേണ്ടി പ്രത്യേക വകുപ്പ് രൂപീകരിച്ചതും സ്വാഗതാർഹമാണ്. പാർപ്പിടം, ആരോഗ്യം, വൈദ്യുതി, വിദ്യാഭ്യാസം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള നയപ്രഖ്യാപനമാണ് ഗവർണർ നടത്തിയിട്ടുള്ളത്. ദേശീയ മാനദണ്ഡപ്രകാരം ലഭിക്കേണ്ടതിന്റെ 30 ഇരട്ടി ധനസഹായമാണ് സർക്കാർ പ്രളയബാധിതർക്ക് നൽകിയത്. ഉപജീവനസഹായ പദ്ധതി പ്രകാരം രണ്ടു ലക്ഷം രൂപ കൊടുക്കാൻ കഴിഞ്ഞതും പ്രളയജലം ഇറങ്ങിയ ഉടനെ മാതൃകാപരമായി ശുചീകരണം നടത്തിയതിലൂടെ പകർച്ചവ്യാധികൾ തടയാൻ സാധിച്ചതും പ്രശംസനീയമാണ്. ശുചിത്വമിഷനിലൂടെ 30 ലക്ഷം വീടുകളിൽ ഉറവിടമാലിന്യ സംസ്കരണ നടപടികളും പ്രധാന നഗരങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ ആരംഭിച്ചതും സ്വാഗതാർഹമാണ്. തരിശ് നിലങ്ങളിൽ കൃഷിയിറക്കാൻ നടപടി സ്വീകരിച്ചതും കാർഷിക കടങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചതും ഗെയിൽ പൈപ്പ് ലൈൻ പുനരാരംഭിക്കാൻ സാധിച്ചതും സർക്കാർ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റികളാക്കി ഉയർത്തിയതും പ്രശംസനീയമാണ്.

ശ്രീ. എം. നൗഷാദ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മികച്ച നേട്ടം കൈവരിക്കാനും സമ്പൂർണ്ണ

വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കാനും ക്രമസമാധാനനില ഭദ്രമാക്കാനും സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വം ഉറപ്പാക്കാനും വർഗ്ഗീയതയെ ചെറുക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് 20 ലക്ഷം രൂപയുടെ ധനസഹായം നൽകിയതും 42 പേർക്ക് സർക്കാർ ജോലി നൽകിയതും ഗവൺമെന്റിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. കിഫ്ബിയിൽ ഉൾപ്പെടുത്തി 41,000 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയതും ഗെയിൽ പൈപ്പ്ലൈൻ പദ്ധതി യാഥാർത്ഥ്യമാക്കാൻ നടത്തുന്ന ശ്രമങ്ങളും ഗവൺമെന്റിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്നതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. തികച്ചും ആവർത്തനവിരസമായ ഒരു നയപ്രഖ്യാപനമാണ് ഗവർണർ നടത്തിയത്. അർഹരായ എല്ലാവർക്കും പ്രളയാനന്തര ധനസഹായം ലഭിച്ചിട്ടില്ല. വിദേശ മദ്യത്തിന് നികുതിയിളവ് അനുവദിച്ചത് വൻകിട കുത്തകകളെ സഹായിക്കുന്നതിനുവേണ്ടിയാണ്. സംസ്ഥാന ഖജനാവ് കൊള്ളയടിക്കുന്നതിന് സർക്കാർ കൂട്ടുനിൽക്കുകയാണ്. കേരള ബാങ്ക് നിബന്ധനകൾക്ക് വിധേയമായി രൂപീകരിക്കണം.

സത്യവിരുദ്ധമായ കാര്യങ്ങൾ ഗവർണറെക്കൊണ്ട് പറയിപ്പിച്ചതിലൂടെ സർക്കാർ വ്യത്യസ്തമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്.

<u>ശ്രീ. സി. ദിവാകരൻ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇച്ഛാശക്തിയോടെയും നവോത്ഥാനമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുമാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കേന്ദ്ര നയങ്ങൾക്കെതിരെ പ്രതിഷേധിക്കാൻ യു.ഡി.എഫ്.-ന് കഴിഞ്ഞിട്ടില്ല. ശബരിമല വിഷയത്തിൽ പ്രതിപക്ഷം നിലപാട് വ്യക്തമാക്കണം. കേരളത്തിൽ വർഗ്ഗീയ കലാപങ്ങൾ നടത്തി ജനങ്ങളെ തമ്മിലടിപ്പിക്കുന്ന പ്രവണത അവസാനിപ്പിച്ച് നവകേരള സൃഷ്ടിക്കായി ഒരുമിച്ച് പ്രവർത്തിക്കണം.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. വ്യക്തമായ ദിശാബോധമോ വസ്തുതകളോ ഇല്ലാത്ത ഒരു നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പ്രളയദുരന്തത്തിൽനിന്നും സംസ്ഥാനത്തെ കരകയറ്റുന്നതിനായി സർക്കാർ സ്വീകരിക്കാൻ പോകുന്ന നടപടികളൊന്നും നയപ്രഖ്യാപനത്തിൽ പരാമർശിച്ചിട്ടില്ല. സുപ്രീം കോടതി വിധിയുടെയും ഇന്ത്യൻ

ഭരണഘടനയുടെയും ഉദ്ദേശ്യങ്ങൾക്ക് വിരുദ്ധമായി ബലപ്രയോഗത്തിലൂടെ ശബരിമലയിൽ സ്ത്രീ പ്രവേശനം നടപ്പിലാക്കാനാണ് സർക്കാർ ശ്രമിച്ചത്. അവിശ്വാസികളുടെയും വിശ്വാസത്തെ വികലമാക്കുന്നവരുടെയും ഇടയിൽ യഥാർത്ഥ വിശ്വാസികൾക്കൊപ്പമാണ് ശബരിമല വിഷയത്തിൽ യു.ഡി.എഫ്. നിലകൊണ്ടത്. സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഹയർ സെക്കന്ററി ലയനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ദോഷം ചെയ്യുന്നതായതിനാൽ അത് ഉപേക്ഷിക്കണം.

<u>ശ്രീ. സി. കെ. നാണു</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, ഭക്ഷ്യം തുടങ്ങിയ മേഖലകളിൽ വൻ മുന്നേറ്റമുണ്ടാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ശബരിമലയിലെ സ്ത്രീ പ്രവേശനം സംബന്ധിച്ച സുപ്രീം കോടതി വിധി രാഷ്ട്രീയമായി ഉപയോഗിക്കുന്നതിന് ഈ സർക്കാർ ശ്രമിച്ചിട്ടില്ലെന്നു മാത്രമല്ല മുൻ സർക്കാരുകൾ ചെലവഴിച്ചതിനേക്കാൾ കൂടുതൽ തുക ശബരിമല വികസനത്തിനായി വിനിയോഗിക്കുന്നതിനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ പുനർനിർമ്മിതിക്കായി കേന്ദ്ര സർക്കാരിന്റെ നിഷേധാത്മക നിലപാടുകൾക്കെതിരെ ഐക്യത്തോടുകൂടി അതിശക്തമായ സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ നവോത്ഥാന മൂല്യങ്ങൾ

ഉയർത്തുന്നതിനായി സർക്കാർ സംഘടിപ്പിച്ച വനിതാ മതിലിനെയും തുല്യലിംഗ നീതി നടപ്പാക്കാനുള്ള ശ്രമത്തെയും അഭിനന്ദിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക-ഗോത്രവിഭാഗങ്ങളുടെ ഉന്നമനത്തിന് ഊന്നൽ നൽകുന്നതിനും കാർഷിക മേഖലയിൽ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനും സംസ്ഥാനത്ത് 'ശുചിത്വ കേരളം' നടപ്പാക്കുന്നതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിനും സാധിച്ചിട്ടുണ്ട്. നവോത്ഥാന നേതാക്കളെയും ചരിത്രസംഭവങ്ങളെക്കുറിച്ചുമുള്ള അവബോധം വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തണം.

ശ്രീ. വി. പി. സജീന്ദ്രൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ശബരിമലയെക്കുറിച്ചുള്ള യഥാർത്ഥ വസ്തുതകൾ ധരിപ്പിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതുകൊണ്ടാണ് സുപ്രീം കോടതി ഇത്തരത്തിലൊരു വിധി പ്രസ്താവന നടത്തിയത്. കേരള ജനതയെ ഭിന്നിപ്പിക്കുന്നതിനുവേണ്ടിയാണ് അൻപത് കോടി രൂപ ചെലവഴിച്ചുകൊണ്ട് വനിതാ മതിൽ സംഘടിപ്പിച്ചത്. സർക്കാർ ഉദ്യോഗസ്ഥരെയും ആശാ വർക്കേഴ്സിനെയും അങ്കണവാടി ജീവനക്കാരെയും തൊഴിലുറപ്പുകാരെയും ഉൾപ്പെടുത്തിയുണ്ടാക്കിയ പ്രസ്തുത മതിൽ ജനങ്ങളെ ഭിന്നിപ്പിച്ചു.

ശ്രീമതി ഇ. എസ്. ബിജിമോൾ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നയപ്രഖ്യാപനത്തിൽ സർക്കാർ നയങ്ങളും ഇച്ഛാശക്തിയും പ്രതിഫലിക്കുന്നു. സ്ത്രീ

പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നവോത്ഥാനം ചർച്ചാ വിഷയമായത് വളർച്ചയുടെ സൂചനയാണ്. ജനാധിപത്യ അവകാശങ്ങൾക്കെതിരെയുള്ള കടന്നാക്രമണങ്ങൾ പരാജയപ്പെടുത്തണം. ആചാരാനുഷ്ഠാനങ്ങളുടെ പേരിൽ സ്ത്രീകൾക്ക് പലവിധത്തിലുള്ള വിലക്കുകൾ ഏർപ്പെടുത്തുകയും അതിന്റെ പേരിൽ സംസ്ഥാനത്ത് അരാജകത്വവും അക്രമവും ഭീതിയും സൃഷ്ടിക്കുകയും ചെയ്യുന്നത് അപലപനീയമാണ്. ഇമോഷണൽ ഇക്വാളിറ്റിയുടെ അടിസ്ഥാനത്തിൽ നവോത്ഥാനത്തെ വിശകലനം ചെയ്യുമ്പോഴാണ് വനിതാ മതിലിന്റെ പ്രാധാന്യം പ്രസക്തമാകുന്നത്.

ശ്രീ. പി. സി. ജോർജ്: ആചാരാനുഷ്ഠാനങ്ങളുടെ പേരിൽ സർക്കാർ ജനങ്ങളുടെ വിശ്വാസങ്ങളെ വ്രണപ്പെടുത്തുന്നത് ഉചിതമല്ല. ലോകമെമ്പാടും കാരുണ്യപ്രവർത്തനം നടത്തുന്ന മാതാ അമൃതാനന്ദമയിക്ക് പുരസ്കാരം കൊടുക്കുന്ന കാര്യം സംസ്ഥാന സർക്കാർ പരിഗണിക്കണം.

ശ്രീ. പി. ടി. എ. റഹീം: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ആരോഗ്യ മേഖലയിലെ സമയോചിതവും ധീരവുമായ ഇടപെടലിലൂടെ പ്രളയാനന്തര പകർച്ചവ്യാധി തടയാൻ സാധിച്ചത് അഭിമാനകരമാണ്. സർക്കാരിന്റെ മൂന്ന് വർഷത്തെ ഭരണനേട്ടങ്ങൾ പ്രശംസനീയമാണ്. കുന്നമംഗലം നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി 35 കോടി രൂപ ലഭ്യമാക്കുകയുണ്ടായി. 370 ആരോഗ്യ കേന്ദ്രങ്ങളെ ആർദ്രം

പദ്ധതിയിലുൾപ്പെടുത്തിയതും അടിസ്ഥാന സൗകര്യ വികസന നിധി ബോർഡിന്റെ കീഴിൽ 500-ലധികം പദ്ധതികൾക്ക് അംഗീകാരം നൽകിയതും സ്വാഗതാർഹമാണ്. വിദ്യാഭ്യാസം, പൊതുമരാമത്ത്, സഹകരണം തുടങ്ങിയ മേഖലകളിൽ നവീന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്.

ഡോ. എൻ. ജയരാജ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ ഉടച്ചുവാർക്കണമെന്ന നയപ്രഖ്യാപനത്തിലെ പരാമർശം സ്വാഗതാർഹമാണ്. 2011-ലെ സെൻസസ് ഡാറ്റാ 'ഡെമോഗ്രാഫിക് ഗോൾസ് അച്ചീവ്മെന്റിന് ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുന്ന പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയം പിൻവലിക്കണമെന്ന തീരുമാനം സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. പ്രതിസന്ധി നേരിടുന്ന കേരളത്തിലെ കാർഷിക/തോട്ടം മേഖലകളുമായി ബന്ധപ്പെട്ട് യാതൊരു പരാമർശവും നയപ്രഖ്യാപനത്തിൽ ഇല്ല. 'റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് ' പോലുള്ള പദ്ധതികളിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തണം. നവോത്ഥാനം എന്ന വാക്കിനുപകരം സാമൂഹ്യപരിഷ്കരണം എന്ന വാക്കാണ് ഉചിതം.

സമീപകാലത്തുണ്ടായ നിരവധി പ്രശ്നങ്ങൾ ഈ ഗവൺമെന്റിന്റെ ശോഭ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ പ്രാവർത്തികമാക്കിയ ഗവൺമെന്റാണിത്. മികച്ച വികസന പ്രവർത്തനങ്ങളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അർഹതപ്പെട്ട 85000-ൽപ്പരം വ്യക്തികൾക്ക് പട്ടയം നൽകുകയും കോടിക്കണക്കിന് രൂപ കാർഷിക മേഖലയിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. റബ്ബർ/കുരുമുളക് കർഷകർക്കുള്ള ധനസഹായം വർദ്ധിപ്പിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാനും ഈ സർക്കാർ കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. വ്യക്തമായ കാഴ്ചപ്പാടില്ലാത്തതും വികസന മുരടിപ്പ് പ്രതിഫലിപ്പിക്കുന്നതുമായിരുന്നു നയപ്രഖ്യാപന പ്രസംഗം. അർഹരായ മുഴുവൻ ആളുകളെയും ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തി യഥാസമയം നഷ്ടപരിഹാരം നൽകുന്നതിനോ

പ്രളയബാധിതർക്ക് വീടുകൾ നിർമ്മിച്ച നൽകുന്നതിനോ സർക്കാരിന് സാധിച്ചിട്ടില്ല.

ശ്രീ. ആർ. രാജേഷ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ആരോഗ്യപരിപാലനമുൾപ്പെടെ നിരവധി രംഗങ്ങളിൽ മികച്ച നേട്ടത്തിനുള്ള അവാർഡുകൾ കരസ്ഥമാക്കിയതും സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കിയതും സ്ത്രീ സുരക്ഷ ഉറപ്പാക്കിയതും സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിന്മേൽ കർശനനടപടി സ്വീകരിച്ചതും ഈ ഗവൺമെന്റിന്റെ പ്രധാന ഭരണ നേട്ടങ്ങളാണ്. പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണമുൾപ്പെടെ സമാനതകളില്ലാത്ത വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള പദ്ധതികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. കെ. മുരളീധരൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. പൊള്ളയായ വാഗ്ദാനങ്ങൾ മാത്രമാണ് സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗം. കുറ്റവാളികളെ സംരക്ഷിക്കുകയും ആർ.എസ്.എസ്./സംഘപരിവാറുകാരെ പരോക്ഷമായി പിന്താങ്ങുകയും ചെയ്യുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്.

<u>ശ്രീ. ജെയിംസ് മാത്യു:</u> നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച സർക്കാരിന്റെ കാഴ്ചപ്പാടാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. പ്രളയാനന്തര കേരളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികളുമായി മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളെ പ്രതിപക്ഷം വിമർശിക്കുന്നത് ഖേദകരമാണ്. ദീർഘകാലാടിസ്ഥാനത്തിൽ പ്രളയമുൾപ്പെടെയുള്ള കെടുതികളെ നേരിടുന്നതിനും സംസ്ഥാനത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് അനുയോജ്യമായ രീതിയിൽ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നാടിനെ പ്രാപ്തമാക്കുന്നതിനുമാണ് 'റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് ' ലക്ഷ്യമിടുന്നത്. മലയോര/തീരദേശ ഹൈവേകൾ യാഥാർത്ഥ്യമാക്കുന്നതിനും പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലേയ്ക്കെത്തിക്കുന്നതിനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത് ജോലി ഉറപ്പാക്കുന്നതിനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. കുറവുകൾ പരിഹരിച്ച് മുന്നോട്ടുപോകുന്ന സർക്കാരിനെ പ്രതിരോധിക്കാനുള്ള പ്രതിപക്ഷശ്രമം അപലപനീയമാണ്.

(സഭ വൈകുന്നേരം 3.32-ന് പിരിഞ്ഞു).